**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** **08-08-2023 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ നികത്തിയിട്ടില്ല എന്ന കാര്യം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ഒഴിവുള്ള തസ്തികകളായ ആശുപത്രി സൂപ്രണ്ട്, കൺസൾട്ടന്റ് (ജനറൽ മെഡിസിൻ, ജനറൽ സർജറി), നഴ്സിംഗ് അസിസ്റ്റന്റ്, ഹെഡ് നഴ്സ് എന്നീ തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I ന്റെ ഒഴിവ് സ്ഥലമാറ്റം വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സ്റ്റാഫ് നഴ്സിന്റെ ഒഴിവിന് പി.എസ്.സി നിയമന ശുപാർശ ലഭ്യമായിട്ടുണ്ട്.<br><br>ഡ്രൈവർ തസ്തികയിലെ ഒഴിവ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II ന്റെ ഒഴിവ് എംപ്ലായ്മെന്റ് എക്സ്ചേഞ്ച്/സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ജീവനക്കാർ ജോലി ചെയ്തുവരുന്നു.<br><br>ഡെന്റൽ അസിസ്റ്റന്റ് സർജൻ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ നിയമനം നടത്തിയെങ്കിലും ജീവനക്കാർ കോടതി വ്യവഹാരം കാരണം ജോലിയിൽ പ്രവേശിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ നികത്താത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (ബി) | 'എ' പിരിവ് ബാധകം |
| (സി) | പ്രസ്തുത ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 'എ' പിരിവ് ബാധകം |

സെക്ഷൻ ഓഫീസർ